Draft #8 of File 7191/AD A9-3/2024/AD A 9 Approved by DEPUTY REGISTRAR II (ADMIN) on 30-Jul-2025 11:03 AM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാഗാന്ധി സർവകലാശാല - സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) 2023-24 വർഷത്തെ അന്തർ കലാലയ / അന്തർ സർവകലാശാല കായിക മത്സരങ്ങളുടെ നടത്തിപ്പിനായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ് വർഗ്ഗീസ് (PEN 2427) -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച മൂന്നാം ഗഡു തുക ₹ 45,00,000/- ക്രമീകരിക്കുന്നത് സംബന്ധിച്ച് - 30.06.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗതീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 9 സെക്ഷൻ**

നമ്പർ. 7022/AD A 9/2025/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 30.07.2025

---

*പരാമർശം:*-1.സർവകലാശാല ഉത്തരവ് നമ്പർ 727/AD A 9/2024/MGU തീയതി 23.01.2024

2. സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) ഡയറക്ടർ ഡോ. ബിനു ജോർജ് വർഗ്ഗീസ് 20.02.2025 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

2. 30.06.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 178/25.05/7191/AD A9-3/2024.

**<u>ഉത്തരവ്</u>**

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS) 2023-24 വർഷത്തെ അന്തർ കലാലയ / അന്തർ സർവകലാശാല കായിക മത്സരങ്ങളുടെ നടത്തിപ്പിനായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ് വർഗ്ഗീസ് -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി മൂന്നാം ഗഡു തുക 45,00,000/- (നാല്പത്തഞ്ച് ലക്ഷം രൂപ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു.

ടി തുകയുടെ ക്രമീകരണത്തിനായി ബില്ലുകളും അനുബന്ധ രേഖകളും അടക്കം സമർപ്പിച്ച അപേക്ഷയിന്മേൽ സർവകലാശാല ധനകാര്യ വിഭാഗം കണ്ടെത്തിയ അപാകതകൾ ടിയാനെ അറിയിക്കുകയും ആയതിനു വിശദീകരണം സഹിതം പരാമർശം (2) പ്രകാരം അപേക്ഷ പുനഃ സമർപ്പിക്കുകയും ചെയ്തു .

SPESS ഡയറക്ടർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, ടി ആവശ്യത്തിലേക്കായി അനുവദിച്ച താത്കാലിക മുൻകൂർ തുകയിൽ നിന്നും ചെലവഴിച്ച 44,84,348/- രൂപ (നാല്പത്തിനാലുലക്ഷത്തി എണ്പത്തിനാലായിരത്തി മുന്നൂറ്റിനാല്പത്തെട്ടു രൂപമാത്രം ) അംഗീകരിക്കുന്നതിനും ചെലവിനങ്ങളിൽ അനുവദനീയമല്ലാത്തതായി കണ്ടെത്തിയ ₹15,652/- (പതിനയ്യായിരത്തിഅറുനൂറ്റിഅന്പത്തിരണ്ടുരൂപ മാത്രം) രൂപ സർവകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും SPESS വകുപ്പിലെ 2023 -2024 അന്തർ കലാലയ /സർവ്വകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പിനായി അനുവദിക്കപ്പെട്ട ₹45,00,000/- (നാല്പത്തഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ക്രമീകരണം പൂർത്തിയാക്കുന്നത് സംബന്ധിച്ചും, ഉചിതമായ തീരുമാനത്തിനായി,

വൈസ് ചാൻസിലറുടെ 17.05.2025 തീയതിയിലെ ഉത്തരവിൻ പ്രകാരം ടി വിഷയം, സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, 30.06.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം താഴെ വിവരിക്കും പ്രകാരം തീരുമാനിക്കുകയും ചെയ്തു.

1) 2023 -24 വർഷത്തെ അന്തർ കലാലയ / അന്തർ സർവകലാശാലാ കായിക മത്സരങ്ങൾ നടത്തുന്നതിനായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ് -ന് മുൻകൂർ ആയി അനുവദിച്ച മൂന്നാം ഗഡു തുകയിൽനിന്നും ചെലവഴിച്ച 44,84,348/- രൂപ ( നാല്പത്തിനാലുലക്ഷത്തി എണ്പത്തിനാലായിരത്തി മുന്നൂറ്റിനാല്പത്തെട്ടു രൂപ മാത്രം ) അംഗീകരിക്കുന്നതിനും,

2) ചെലവിനങ്ങളിൽ അനുവദനീയമല്ലാത്തതായി കണ്ടെത്തിയ 15,652/- രൂപ (പതിനയ്യായിരത്തിഅറുനൂറ്റിഅന്പത്തിരണ്ടുരൂപ മാത്രം) സർവകലാശാലാ ഫണ്ടിലേക്ക് തിരിച്ചടച്ചത് അംഗീകരിക്കുന്നതിനും

3) പരാമർശം (1) പ്രകാരം 2023 -24 വർഷത്തെ അന്തർ കലാലയ / അന്തർ സർവകലാശാലാ കായിക മത്സരങ്ങളുടെ നടത്തിപ്പിനായി SPESS ഡയറക്ടർ ഡോ ബിനു ജോർജ് വർഗീസ് ന്റെ പേരിൽ അനുവദിച്ച മൂന്നാം ഗഡു മുൻകൂർ തുക നടപ്പു വർഷത്തെ സർവ്വകലാശാലാ ബഡ്ജറ്റിലെ **" 22 401 58 - Intercollegiate / Inter University Tournament "** എന്ന ശീർഷകത്തിൽ വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോസ് മാത്യു

ഡപ്യൂട്ടി രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ഡോ. ബിനു ജോർജ് വർഗ്ഗീസ് ,ഡയറക്ടർ,സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS)
2. എ.ഒ, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് (SPESS)
3. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ
5. ഓഡിറ്റ് I,IV,V,എഡി. സി IV,V /ഡി.ആർ(പി&ഡി)/പി&ഡി II/എഫ്.സി.സി
6. എഡി.ഡി/എഡി.എ II/എഡി.എ VII/എഡി.എ 5/എസിസി1
7. ഐ.ക്യു.എ.സി., പി ആർ ഒ/ജനറൽ ക്യാഷ്.
8. ജെ.ഡി, കെ.എസ്.എ.ഡി/അക്കൗണ്ട്സ് 3
9. ഐ ടി സെൽ 1 & 2, സർവകലാശാല വെബ്സൈറ്റ്, ആക്ഷൻ ടേക്കൺ റിപ്പോർട്ട്.
10. റെക്കോർഡ്സ് സെക്ഷൻ /ഫയൽ കോപ്പി

Draft #8 of File 7191/AD A9-3/2024/AD A 9 Approved by DEPUTY REGISTRAR II (ADMIN) on 30-Jul-2025 11:03 AM - Page 2